(സി) കാലഘട്ടത്തിനനുസരിച്ചും പാഠ്യ പദ്ധതി പരിഷ്കരണത്തിനനുസൃതമായും അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി അധ്യാപകശാക്തീകരണ പദ്ധതികൾ നടന്നുവരുന്നു. അവധിക്കാല അദ്ധ്യാപക പരിശീലനം, ക്ലസ്റ്റർതല പരിശീലനം, സ്കൂൾ അധിഷ്ഠിത പരിശീലനം, ഐ.സി.റ്റി. പരിശീലനം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എൽ.പി. അധ്യാപകർക്കുള്ള സ്പെഷ്യൽ ഇംഗ്ലീഷ് ടെയിനിംഗ്, രാഷ്ട്രീയ ആവിഷ്കാർ അഭിയാനുമായി ചേർന്ന് സയൻസ്, മാത്സ് വിഷയങ്ങളിലെ അധ്യാപകർക്കായി പ്രത്യേക പരിശീലനം. അധ്യാപകർക്ക് തത്സമയം സഹായം നൽകുന്നതിലേക്കായി ടെയിനർമാരെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ എന്നിവയാണ് അധ്യാപക നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ, അതോടൊപ്പം ഡയറ്റിന്റെയും വിദ്യാഭ്യാസ വിദഗ്ധരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിലുള്ള ഇന്റേൺ സപ്പോർട്ട് മിഷൻ (ഐ.എസ്.എം.) അദ്ധ്യാപകർക്കാവശ്യമായ പിന്തുണ സ്കൂളുകളിൽ നൽകിവരുന്നു.

കരമന - കളിയിക്കാവിള ദേശീയപാത വികസനം

17(*257) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അത് പൂർത്തീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ ; പ്രാവച്ചമ്പലം - വഴിമുക്ക് മേഖലയിൽ നിശ്ചയിച്ച ഭൂമി വിലയിൽനിന്ന് സർക്കാർ പിൻമാറുകയുണ്ടായോ ; വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒന്നാംഘട്ട റോഡ് വികസന പ്രവർത്തന പൂർത്തീകരണത്തിന് തടസ്സമായി നിന്നിരുന്ന ഏതെങ്കിലും സ്ഥാപനങ്ങളോ ആരാധനാലയങ്ങളോ മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതുമൂലം ഇപ്പോഴും നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വകപ്പുകളുടെ ഏകോപനമില്ലായ്മമൂലം പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

പൊതുമരാമത്ത് വകപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കഞ്ഞ്) :

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാം ഘട്ടത്തിലെ ഒന്നാം ഭാഗമായ കരമന-പ്രാവച്ചമ്പലം (5.50 കി.മീ) റോഡിന്റെ 4 വരിപ്പാത നിർമ്മാണം പൂർത്തിയാക്കി 13-1-2016-ന് റോഡ് ഉദ്ഘാടനം ചെയ്യാനാണ് ഇപ്പോൾ നിശ്ചിച്ചിട്ടുള്ളത്. ഇപ്പോൾ 90 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിലെ ഒന്നാം ഭാഗമായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള (5.50 കി.മീ.) പ്രവർത്തനങ്ങൾ നിശ്ചയിച്ചപ്രകാരം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കോടതിയുടെ സ്റ്റേ ഉത്തരവുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ (കെ.എസ്.ഇ.ബി. ബി.എസ്.എൻ.എൽ, കേരള വാട്ടർ അതോറിറ്റി) പൈപ്പുകളും കേബിളുകളും സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് ഉണ്ടായ കാലതാമസം, നേമം ഭാഗത്ത് അധിക ജോലിയായി ഒരു അടിപ്പാത നിർമ്മിക്കേണ്ടിവന്നത്. പപ്പനംകോട് ഭാഗത്തെ മുസ്ലീം പള്ളി, ഖബർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് പകരം സ്ഥലം കണ്ടെത്തുന്നതിനു വന്ന കാലതാമസം തുടങ്ങിയ കാരണങ്ങളാൽ പ്രസ്തുത പണി പൂർത്തിയാക്കാൻ കൂടുതൽ സമയം വേണ്ടി വന്നു. ഒന്നാം ഘട്ടത്തിലെ രണ്ടാം ഭാഗമായ പ്രാവച്ചമ്പലം-വഴിമുക്ക് ഭാഗത്ത് ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച വിലയായ 266 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കരമന-പ്രാവച്ചമ്പലം ഭാഗത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടി വന്നിട്ടുള്ളത്. ഇതിനുവേണ്ടി നേമം ഭാഗത്ത് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുത്ത് ആയത് പുനരധിവാസത്തിന് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഡി) പാപ്പനംകോട് ഭാഗത്ത് മുസ്ലിം പള്ളിയും ഖബറും മാറ്റി സ്ഥാപിക്കാൻ തടസ്സം നേരിട്ടത് പണിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 4 സെന്റ് സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. ഖബറ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി 14-12-2015-ന് ആരംഭിച്ചു കഴിഞ്ഞു.

(ഇ) പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly